**കേരള സർക്കാർ**
**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

**<u>പരിപത്രം</u>**

നം.26/2019/ധന. തിരുവനന്തപുരം, തീയതി, 22.03.2019

വിഷയം:- പെൻഷനേഴ്സ് ഇൻഫോർമേഷൻ സിസ്റ്റം - PRISM – പെൻഷൻ അനുവദിക്കാൻ അധികാരപ്പെടുത്തിയ ജീവനക്കാർക്കുള്ള നിർദ്ദേശം.

സൂചന:- 1) സ.ഉ (പി) നം. 421/2014/ധന. തീയതി, 25.09.2014
2) സ.ഉ (പി) നം. 179/2016/ധന. തീയതി, 10.12.2016
3) സ.ഉ (പി) നം. 115/2017/ധന. തീയതി, 25.08.2017

സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും പെൻഷൻ അപേക്ഷകൾ ഓൺലൈൻ ആയി പരിശോധിച്ച് തീർപ്പാക്കുന്നതിനായി സൂചന (1) പ്രകാരം സർക്കാർ പ്രിസം (PRISM – Pensioners Information System) സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുള്ളതും വിവിധ വകുപ്പുകളിലായി പ്രസ്തുത സോഫ്റ്റ് വെയർ ഇതിനോടകം നടപ്പാക്കിയിട്ടുള്ളതുമാണ്. ഐ.എഫ്.എം.എസ് (Integrated Financial Management System) നടപ്പാക്കുന്നതിന്റെ ഭാഗമായി പെൻഷന് അക്കൗണ്ടന്റ് ജനറൽ അംഗീകാരം നല്കി ആയത് ബന്ധപ്പെട്ട ട്രഷറികൾക്ക് ഓൺലൈൻ മുഖേന നല്കേണ്ടതുണ്ട്. ഇത്തരത്തിൽ ഓൺലൈനായി പെൻഷൻ ആതറൈസേഷൻ നല്കുന്ന വേളയിൽ വിരമിക്കലിന് വിധേയമാകുന്ന മുഴുവൻ ജീവനക്കാരുടേയും ഇ-മെയിൽ ഐ.ഡി-യും മൊബൈൽ ഫോൺ നമ്പറും അനിവാര്യമാണെന്ന് അക്കൗണ്ടന്റ് ജനറൽ സർക്കാരിനെ അറിയിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ പെൻഷൻ അനുവദിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്ന മുഴുവൻ ഉദ്യോഗസ്ഥരും ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണെന്നും വിരമിക്കുന്ന

ജീവനക്കാരുടെ **ഇ-മെയിൽ ഐ.ഡി-യും മൊബൈൽ ഫോൺ നമ്പറും** പെൻഷൻ അപേക്ഷയിൽ ഉൾപ്പെടുത്തി ആയത് ശരിയാണെന്ന് ഉറപ്പ വരുത്തി അക്കൗണ്ടന്റ് ജനറലിന് ലഭ്യമാക്കേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശം നല്കുന്നു.

**കെ.രാജശ്രീ**
**ധനകാര്യ അഡീഷണൽ സെക്രട്ടറി**

പകർപ്പ് :

1. അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. സംസ്ഥാനത്തെ മുഴുവൻ വകുപ്പ് മേധാവികൾക്കും.
5. സംസ്ഥാനത്തെ പെൻഷൻ അനുവദിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്ന എല്ലാ ഉദ്യോഗസ്ഥർക്കും. (Pension Sanctioning Authorities, പി.എസ്.എ)
6. ധനകാര്യ (ഐ.ടി.എസ്.എഫ്) വകുപ്പ്
7. നോഡൽ ഓഫീസർ www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**